(ബി) കേരളത്തിൽ ലഭ്യമാകുന്ന തൊണ്ട് അത്രയും സംഭരിച്ച് ചകിരി ഉൽപ്പാദിപ്പിച്ച് കയർ മേഖലയ്ക്ക് ആവശ്യമായ ചകിരിയുടെ ലഭ്യത ഉറപ്പാക്കി കയർ മേഖലയിലെ ചകിരി ക്ഷാമത്തിന് ശാശ്വതമായ പരിഹാരം കാണുന്നതിനും അതുവഴി കയർ മേഖലയിലെ തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽദിനങ്ങളും വേതനവും ഉറപ്പാക്കുക, കയർ ഉൽപ്പാദനവും വിറ്റുവരവും വർദ്ധിപ്പിച്ച് കയർ യൂണിറ്റുകളെ ലാഭകരമാക്കുക തുടങ്ങിയവയാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്.

(സി) കയർ വകുപ്പിലെ ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചുകൊണ്ട് സംസ്ഥാനത്തെ കയർ മേഖലയിലെ സഹകരണ സംഘങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട്, പ്രോജക്ട് തിരിച്ചും സെമിനാറുകൾ നടത്തിയും പ്രസ്തുത പദ്ധതിയെക്കുറിച്ച് വിശദീകരിച്ചിരുന്നു. ഇതിന്റെ ഭാഗമായി പദ്ധതിയിലെ മാനദണ്ഡങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള റിവോൾവിംഗ് ഫണ്ട് നൽകുന്നതിനും ഉൾപ്പെടെയുള്ള മറ്റ് ആനുകൂല്യങ്ങൾ നൽകുന്നതിനായി 1,65,00,000 രൂപ 10 പ്രോജക്ട് ഓഫീസുകൾക്ക് അനുവദിച്ചിട്ടുണ്ട്. നാളികേര വികസന ബോർഡുമായി ചേർന്നുള്ള 102.79 ലക്ഷം രൂപയുടെ പ്രോജക്ടിന് തുക റിലീസ് ചെയ്തിട്ടുണ്ട്. കയർ വികസന ഡയറക്ടറുടെ നിയന്ത്രണത്തിൽ സംസ്ഥാനതലത്തിലും പ്രോജക്ട് ഓഫീസർമാരുടെ നിയന്ത്രണത്തിൽ പ്രോജക്ട് തലത്തിലുമാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി പ്രകാരം രൂപീകരിക്കേണ്ട-ചകിരി, കയർ എന്നിവയുടെ-വിലനിർണ്ണയ സമിതി രൂപീകരിച്ചു കൊണ്ട് 12-10-2015-ൽ സർക്കാർ ഉത്തരവായിട്ടുണ്ട്.

കയർ മേഖലയുടെ സംരക്ഷണം

179 (1246) ശ്രീ. പി. തിലോത്തമൻ :
ശ്രീ. വി. ശശി :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര തൊഴിലാളികൾ കയർ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കുമോ;

(ബി) കുറഞ്ഞ കൂലി നിരക്കും അസംസ്കൃത വസ്തുവായ തൊണ്ടിന്റെ ദൗർലഭ്യവും, തൊഴിലാളികളുടെ മോശമായ സാമൂഹിക സാമ്പത്തിക സ്ഥിതിയും കയർവ്യവസായത്തെ മൊത്തത്തിൽ പിന്നോട്ടടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കയർ മേഖലയെ സംരക്ഷിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കയർ തൊഴിലാളികൾക്കായുള്ള ഇൻകം-സപ്പോർട്ട് സ്കീം ഇപ്പോൾ നടപ്പാക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത സ്കീമിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കയർമേഖലയിൽ 3.75 ലക്ഷത്തോളം തൊഴിലാളികൾ ഉള്ളതായി കണക്കാക്കപ്പെടുന്നു. ഇതിൽ സഹകരണ മേഖലയിൽ ഏകദേശം 90000 ത്തോളം പേർക്ക് തൊഴിൽ ലഭിക്കുന്നുണ്ട്. സഹകരണ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളെക്കാൾ കൂടുതൽ പേർ സ്വകാര്യമേഖലയിൽ പണിയെടുക്കുന്നുണ്ട്. ഇവരുടെ കൃത്യമായ കണക്ക് ലഭ്യമല്ല.

(ബി) തൊഴിലാളികളുടെ കൂലി പരിഷ്കരിച്ചുകൊണ്ടുള്ള നടപടികൾ ഉണ്ടായിട്ടുണ്ട്. കയർപിരി മേഖലയിലെ തൊഴിലാളികൾക്ക് 300 രൂപയും ഉൽപ്പന്ന മേഖലയിലെ തൊഴിലാളികൾക്ക് 500 രൂപയും കൂലി നിശ്ചയിച്ചിട്ടുണ്ട്. കയർ മേഖലയിലെ ചകിരി ക്ഷാമം കയർ വ്യവസായത്തിൽ പ്രതികൂലമായ വസ്തുതയാണെന്ന വിലയിരുത്തലിന്റെ ഭാഗമായിട്ടാണ് ചകിരി സംസ്ഥാനത്തുതന്നെ ഉൽപ്പാദിപ്പിക്കുവാൻ ഉതകുമാറ് "തൊണ്ടു സംഭരണവും ചകിരി ഉൽപ്പാദനവും" എന്ന പുതിയ പദ്ധതി സർക്കാർ പ്രഖ്യാപിച്ച് നടപ്പിലാക്കിവരുന്നു. കയർ മേഖലയെ സംരക്ഷിക്കുന്നതിന് താഴെപ്പറയുന്ന പദ്ധതികളും നടപ്പിലാക്കിവരുന്നു:

1. കയർ സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതി പ്രകാരം സ്ഥിര/പ്രവർത്തന മൂലധനം നൽകുന്നു.
2. കയർ സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനം ഉൾപ്പെടെയുള്ള ധനസഹായം നൽകിവരുന്നു.
3. കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടെയും വിൽപ്പനയ്ക്കുള്ള വിപണി വികസന സഹായം (50% സംസ്ഥാന വിഹിതം) (എം.ഡി.എ.) നൽകിവരുന്നു.
4. കയർ മേഖലയിലെ സംരംഭകർക്ക് മാർജിൻ മണി വായ്പ നൽകുന്നു.
5. പ്രത്യേക നിക്ഷേപ സഹായ പദ്ധതിയിലൂടെ (Special Investment Subsidy) സബ്സിഡി നൽകിവരുന്നു.
6. കയർ വ്യവസായത്തിൽ നിയന്ത്രിത യന്ത്രവത്ക്കരണം നടപ്പിലാക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

7. ഉത്പാദനവും വിപണന പ്രചോദനവും (പിഎംഐ) പദ്ധതിയിലൂടെ ആനുകൂല്യം നൽകിവരുന്നു.

8. വില വ്യതിയാനം പരിഹരിക്കുന്നതിനുള്ള ഫണ്ട് നൽകിവരുന്നു.

9. കയർ മേഖലയിൽ ക്ലസ്റ്റർ വികസന പരിപാടി നടപ്പിലാക്കി വരുന്നു.

10. കയർ സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം നൽകുന്നു.

11. കയർ-ജിയോ ടെക്സ്റ്റയിൽസ് വികസന പരിപാടി നടപ്പിലാക്കുന്നു.

12. ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കി വരുന്നു.

13. കയർ തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കിവരുന്നു.

(സി) ഇൻകം-സപ്പോർട്ട് സ്കീം നടപ്പിലാക്കിയിട്ടുണ്ട്. കയർ മേഖലയിലെ തൊഴിലാളികൾക്ക് അവരുടെ തൊഴിൽ ദിനങ്ങൾക്കനുസരിച്ച് ന്യായമായ കൂലി ലഭ്യമാക്കുന്നതിനുവേണ്ടിയാണ് ഈ പദ്ധതി നടപ്പിൽ വരുത്തിയത്.

കയർ മേഖലയിലെ സമരങ്ങൾ

180(1247) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കയർ മേഖലയുമായി ബന്ധപ്പെട്ട് എത്ര സമരങ്ങൾ നടന്നിട്ടുണ്ട് എന്ന് വിശദമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് സമരം നടത്തിയവരുമായി ചർച്ച നടത്തുകയോ കരാറിലേർപ്പെടുകയോ ചെയ്തിട്ടുണ്ടോ;

(സി) എങ്കിൽ കരാറിലെ പ്രധാന വ്യവസ്ഥകൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത വ്യവസ്ഥകളിൽ നാളിതുവരെ എത്രയെണ്ണം പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്; അവ ഏതെല്ലാം; പൂർത്തീകരിക്കാൻ കഴിയാത്തവ ഏതെല്ലാം വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly